# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3940 24.08.2017-ൽ മറുപടിക്ക്**

## താൽക്കാലിക വാച്ചർ നിയമനം പട്ടിക വർഗ്ഗക്കാരന് നിഷേധിച്ച നടപടി

| ചോദ്യം<br>ശ്രീ.യു.ആർ. പ്രദീപ് | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ല - മച്ചാട് വനം റെയിഞ്ചാഫീസ് പരിധിയിലെ അകമല ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലുള്ള പനംകുറ്റി തേക്ക് പ്ലാന്റേഷനിൽ താൽക്കാലിക വാച്ചർ ജോലി ലഭിക്കണമെന്നാവശ്യപ്പെട്ട് ശ്രീ.സുരേഷ് S/o കട്ടൻ, കളപ്പാറ മലയൻ കോളനി എന്നയാൾ നൽകിയ അപേക്ഷയിൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്; | (എ), (ബി), (സി) പനംകുറ്റി പ്ലാന്റേഷന് സമീപം താമസിക്കുന്നതും പ്രദേശവാസിയുമായ പട്ടികജാതി വിഭാഗത്തിൽപെട്ട ഒരാളെ 15/06/2017 മുതൽ നിയമിച്ചിരുന്നതിനാലും, നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം 25 ഹെക്ടർ വരെ ഒരു വാച്ചറെ നിയമിക്കുവാനെ അംഗീകൃത അടങ്കൽ പ്രകാരം സാധിക്കുകയുള്ളൂ എന്നതിനാലും ശ്രീ.സുരേഷിന്റെ അപേക്ഷ പരിഗണിക്കാൻ സാധിച്ചില്ല. |
| (ബി) പട്ടികവർഗ്ഗത്തിൽപ്പെട്ടയാളും പ്രദേശവാസിയും ആയ ടിയാന് നിയമനം നൽകാതിരിക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ; ഇതിന് നിയമപരമായുള്ള തടസ്സമെന്താണെന്ന് വെളിപ്പെടുത്തുമോ; | |
| (സി) താൽക്കാലിക വാച്ചർ ജോലിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾക്ക് തൊഴിൽ നൽകാതെ മറ്റുവിഭാഗത്തിൽപ്പെട്ടയാളെ നിയമിക്കാനുള്ള കാരണമെന്താണ്; വിശദാംശം നൽകുമോ? | |

Sajeesh

സെക്ഷൻ ഓഫീസർ